**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5219** **02-11-2021 - ൽ മറുപടിയ്ക്ക്**

**പുനർനിയമനം ലഭിച്ച ജീവനക്കാരുടെ റെഗുലറൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | 16.08.1999 മുതൽ 2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചതും GO(P)No.40/13/SJD/Dtd 18.05.2013ലെ ഉത്തരവ് പ്രകാരം പുനർനിയമനം ലഭിച്ചതുമായ ജീവനക്കാരുടെ റഗുലറൈസേഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | 16.8.1999 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികമായി കെ എസ് & എസ് എസ് ആർ ഭാഗം II, ചട്ടം 9(എ) (i) പ്രകാരം നിയമിക്കപ്പെടുകയും 179 ദിവസം സേവനം പൂർത്തിയാക്കിയതുമായ ഏകദേശം 2677 ഭിന്നശേഷിക്കാർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത ജീവനക്കാർ സർവീസിൽ നിന്നും പിരിഞ്ഞു പോകുന്ന മുറയ്ക്ക് ടി സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാവുന്ന തരത്തിൽ ഉദ്യോഗാർഥികൾക്ക് സർവീസിൽ പുനർ/റെഗുലർ നിയമനം നൽകിയാണ് 18.05.2013 ലെ GO(P)No.40/13/SJD നമ്പർ ഉത്തരവായിട്ടുള്ളത്. ഇത്തരം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സ്പഷ്ടീകരിച്ച് കൊണ്ട് 3.2.2016 ലെ GO(P)No.1/16/SJD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | മേൽവിഷയം സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശിപാർശ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. GO(P)No.40/13/SJD/Dtd 18.05.2013ലെ ഉത്തരവ് പ്രകാരം പുനർനിയമനം ലഭിച്ച ഭിന്നശേഷി ജീവനക്കാരുടെ സേവന വ്യവസ്ഥകളുമായി ബന്ധപ്പെട്ട വിഷയത്തിലെ ഹർജികൾ നിലവിൽ ബഹു സുപ്രീം കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ